LIBRARY ARCHIVES Kerala Legislative Assembly

ആർ.എം.എസ്. എ യുടെ ഭാഗമായി ഹൈസ്കൂളായി ഉയർത്തിയ യു.പി. സ്കൂളുകൾ

75 (7042) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എം.എസ്.എ.യുടെ ഭാഗമായി ഏതെല്ലാം യു.പി. സ്കൂളുകളെ ഹൈസ്കൂളായി ഉയർത്തി എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്കൂളുകളുടെ പശ്ചാത്തല വികസനത്തിന് ആർ.എം. എസ്.എ.യുടെ ഫണ്ട് അനുവദിക്കുന്നതിന് വ്യവസ്ഥയുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2009-10 വർഷം 60 സ്കൂളുകൾ, 2010-11 വർഷം 36 സ്കൂളുകൾ, 2011-12 വർഷം 16 സ്കൂളുകളാണ് ആർ.എം.എസ്.എ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ ഹൈസ്കൂളുകളായി ഉയർത്തിയത്. സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സ്കൂളുകളുടെ കെട്ടിടനിർമ്മാണത്തിന് സ്കൂൾ ഒന്നിന് 58.12 ലക്ഷം രൂപയാണ് കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയം അനുവദിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നമ്പർ 238/2010/പൊ.വി.വ. തീയതി 16-11-2010 മുഖേന അപ്ഗ്രേഡ് ചെയ്ത 4 ജില്ലകളിലെ 60 സ്കൂളുകൾക്കുള്ള കെട്ടിടനിർമ്മാണത്തിനുള്ള ഫണ്ട് ഇതിനകം ആർ.എം.എസ്.എ വഴി നൽകിയിട്ടുണ്ട് 57 സ്കൂളുകൾക്ക് 40 ലക്ഷം രൂപ വീതവും 3 സ്കൂളുകൾക്ക് 20 ലക്ഷംരൂപ വീതവും ആണ് നൽകിയിട്ടുള്ളത്. കെട്ടിടനിർമ്മാണത്തിനുള്ള ഫണ്ട് ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റികൾക്കുമാണ് നൽകിയിട്ടുള്ളത്. കേന്ദ്ര ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനുള്ള ഫണ്ട് നൽകുന്നതാണ്.

ആർ.എം.എസ്.എ പദ്ധതി പ്രകാരമുള്ള ഹൈസ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനം

76 (7043) ശ്രീ. മാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എം.എസ്.എ. പദ്ധതി പ്രകാരം ഇതുവരെ എത്ര ഹൈസ്കൂളുകളാണ് അനുവദിച്ചിട്ടുള്ളത് ; ഇവയുടെ പേര് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ആർ.എം.എസ്.എ. പദ്ധതി പ്രകാരം യു.പി. സ്കൂൾ ഹൈസ്കൂൾ ആക്കിയതുമൂലം പല സർക്കാർ സ്കൂളുകളും സ്ഥലപരിമിതിമൂലം ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിപ്രകാരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എത്ര രൂപ വീതമാണ് ഓരോ സ്കൂളിനും ആദ്യഘട്ടമായി അനുവദിക്കുവാൻ തീരുമാനിച്ചത് ; എത്ര സ്കൂളുകൾക്ക് നൽകി ; ബാക്കിയുള്ള സ്കൂളുകൾക്ക് നൽകാൻ കഴിയാതിരുന്നത് എന്തുകൊണ്ട് ;

(ഡി) ഹൈസ്കൂളുകൾ ജില്ലാ പഞ്ചായത്തുകളുടെ അധീനതയിലാണെങ്കിലും പല സ്കൂളുകളിലും പ്രസ്തുത സ്കീമനുസരിച്ച് കെട്ടിടം നിർമ്മിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത സ്കൂളുകളിൽ കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് ?

ഉത്തരം

(എ) 2009-10 വർഷം 60 സ്കൂളുകൾ, 2010-11 വർഷം 36 സ്കൂളുകൾ, 2011-12 വർഷം 16 സ്കൂളുകളാണ് ആർ.എം.എസ്.എ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ ഹൈസ്കൂളുകളായി ഉയർത്തിയത്. സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഈ സ്കൂളുകളുടെ കെട്ടിടനിർമ്മാണത്തിന് സ്കൂൾ ഒന്നിന് 58.12 ലക്ഷം രൂപയാണ് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം അനുവദിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 238/2010/പൊ.വി.വ തീയതി 16-11-2010 മുഖേന അപ്ഗ്രേഡ് ചെയ്ത 4 ജില്ലകളിലെ 60 സ്കൂളുകൾക്കുമുള്ള കെട്ടിടനിർമ്മാണത്തിനുള്ള ഫണ്ട് ഇതിനകം ആർ.എം.എസ്.എ വഴി നൽകിയിട്ടുണ്ട്. 57 സ്കൂളുകൾക്ക് 40 ലക്ഷം രൂപ വീതവും 3 സ്കൂളുകൾക്ക് 20 ലക്ഷംരൂപ വീതവുമാണ് നൽകിയിട്ടുള്ളത്. കെട്ടിടനിർമ്മാണത്തിനുള്ള ഫണ്ട് ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റികൾക്കുമാണ് നൽകിയിട്ടുള്ളത്. കേന്ദ്ര ഫണ്ട് ലഭ്യമാകാത്തതുകൊണ്ടാണ് ബാക്കി സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനുള്ള ഫണ്ട് നൽകാൻ കഴിയാത്തത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ 10 ക്ലാസ്സ് മുറികൾ അടങ്ങുന്ന കെട്ടിടം നിർമ്മിക്കുന്നതിന് 58.12 ലക്ഷം രൂപയാണ് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ക്ലാസ്സ് മുറികളുടെ എണ്ണം 10-ൽ നിന്നും 6 ആയി കുറയ്ക്കുകയും നിർമ്മാണത്തിന് അധികമായി വരുന്ന തുക ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റികൾ കണ്ടെത്തേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly